# Malayala Manorama

## 15 August 2018

## Kalamassery : Heavy rain, Flood hit, Media Reporting

# പ്രളയദുരിതം ലോകത്തെ അറിയിക്കാൻ ചൈനീസ് മാധ്യമ സംഘങ്ങളും

കളമശേരി • ഡാമുകൾ തുറന്നുവിട്ടതു മൂലം എറണാകുളം, ഇടുക്കി ജില്ലകളിലുണ്ടായ പ്രളയദുരിതം ലോകത്തെ അറിയിക്കാൻ ചൈനീസ് മാധ്യമ സംഘങ്ങളും. കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി ചൈനീസ് സെൻട്രൽ ടെലിവിഷന്റെയും (സിസിടിവി) ചൈന ഗ്ലോബൽ ടെലിവിഷൻ നെറ്റ്‌വർക്കിന്റെയും (സിജിടിഎൻ) റിപ്പോർട്ടിങ് സംഘങ്ങളാണ് ഇവിടെയെത്തിയിട്ടുള്ളത്.

സിസിടിവിയുടെ സീനിയർ കറസ്പോണ്ടന്റ് ചെങ് വീയുടെ നേതൃത്വത്തിലുള്ള സംഘം കഴിഞ്ഞ മൂന്നു ദിവസങ്ങളിലായി ആലുവ, ഏലൂർ മേഖലകളിലെ പ്രളയ ദുരിതങ്ങളാണു പകർത്തിയത്. വെള്ളക്കെട്ടിലായ വീടുകളും ദുരിതാശ്വാസ ക്യാംപുകളും സംഘം ക്യാമറയിൽ പകർത്തി. ജില്ലയിലെ പ്രളയ ദുരിതങ്ങൾ സിസിടിവിയിലെ മലയാളി റിപ്പോർട്ടർ സന്ദീപ് എസ്. ശ്രീലേഖയാണു ചെങ് വീയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. മുംബൈയിലെ സിസിടിവിയുടെ ഓഫിസ് കേന്ദ്രീകരിച്ചാണ് ഇവരെത്തിയിട്ടുള്ളത്. ദക്ഷിണേന്ത്യയും ശ്രീലങ്ക, മാലദ്വീപ് എന്നിവിടങ്ങളുമാണ് ഇവരുടെ പ്രവർത്തനമേഖല. കൊളംബോയിലെയും മറ്റും പ്രളയങ്ങൾ ചെങ് വീയും സംഘവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കഴിഞ്ഞ രണ്ടു ദിവസങ്ങളിലും സിസിടിവി സംഘം ഏലൂർ, ആലുവ ഭാഗങ്ങളിലെ ദൃശ്യങ്ങൾ തൽസമയം റിപ്പോർട്ട് ചെയ്യുകയാണ്. വെള്ളപ്പൊക്കം കേരളത്തിൽ വലിയ നാശമാണ് ഉണ്ടാക്കിയിട്ടുള്ളതെന്നു ചെങ് വീ പറഞ്ഞു. വെള്ളപ്പൊക്ക ദുരിതം നേരിടാൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളും ചെങ് വീ റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. പുരാതന കേരളവും ചൈനയും തമ്മിലുള്ള വ്യാപാരബന്ധങ്ങളും ചൈനീസ് വലയുമൊക്കെ ചെങ് വീ റിപ്പോർട്ടിൽ ഓർമപ്പെടുത്തുന്നുമുണ്ട്. ചെങ് വീയുടെ റിപ്പോർട്ടുകൾ സിജിടിഎന്നിന്റെയും സിസിടിവിയുടെയും ഫെയ്സ്ബുക് പേജിൽ ലഭ്യമാണ്.



പ്രളയദുരിതത്തിൽ പകച്ചു നിൽക്കുന്ന കൊച്ചി ഏലൂരിലെ ദുരിതാശ്വാസ ക്യാംപിൽ നിന്നു ചൈനീസ് ടെലിവിഷനായ സിസിടിവിക്കു വേണ്ടി സീനിയർ കറസ്പോണ്ടന്റ് ചെങ് വീ റിപ്പോർട്ട് ചെയ്യുന്നു.